**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1568** **15-03-2022 - ൽ മറുപടിയ്ക്ക്**

**ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന സുഭിക്ഷം സുരക്ഷിതം – ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകർക്ക് അധിക ധനസഹായമായി ഒരു ഹെക്ടറിന് 10000 രൂപ നിരക്കിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയിലും 10000 ഹെക്ടറിൽ ജൈവ കൃഷി വിഭാവനം ചെയ്യുന്നു. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി ഒരു ഇക്കോഷോപ്പിന് 2.00 ലക്ഷം രൂപ വീതം ധനസഹായം നല്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. 2013-14 മുതൽ 2020-21 വരെ 274ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് 'ജൈവ 'കൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതിയ്ക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന് പുറമേ കൃഷി വകുപ്പിന്റെ മറ്റ് പദ്ധതികളിലൂടെ 192 ഇക്കോഷോപ്പുകൾ നാളിതുവരെ ആരംഭിച്ചിട്ടുണ്ട്. ജൈവ ഉല്പന്നങ്ങൾ വിൽപന നടത്തുന്നതിന് ഇക്കോഷോപ്പ് ഒന്നിന് 2.00 ലക്ഷം രൂപ നിരക്കിൽ നടപ്പ് സാമ്പത്തിക വർഷം പുതുതായി 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 24.00 ലക്ഷം രൂപ വകയിരുത്തി പ്രവർത്തനം ആരംഭിച്ചു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിലവിൽ 100 ഹെക്ടർ സ്ഥലത്ത് പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയും 84000 ഹെക്ടർ സ്ഥലത്ത് സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതി കൃഷി |

| | | | |
|---|---|---|---|
| | | | പദ്ധതി) പദ്ധതിയും നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളിൽ പൂർണ്ണമായും രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കി ജൈവകീടനാശിനികൾ ഉപയോഗിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നു. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകർക്ക് ജൈവ ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിന് ധനസഹായവും നൽകുന്നു. കൂടാതെ സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) പദ്ധതിയിൻ കീഴിൽ ഫാർമർ ഇൻടസ്റ്റ് ഗ്രൂപ്പുകൾ (FIG) വഴി ജൈവ ഉല്പാദനോപാധികൾ ഉലാപാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിന് FIG 1 പ്രവർത്തിക്കുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്നതിനായി FIG 2 പ്രവർത്തിക്കുന്നു. പ്രസ്തുത പദ്ധതിയിൽ കൃഷി സംബന്ധമായ പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനും, പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകി വരുന്നു. കൂടാതെ ജൈവകൃഷി വ്യാപനത്തിനായി ജൈവകൃഷി മിഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ